LIBRARY ARCHIVES Kerala Legislative Assembly

ദേശീയ സമുദ്ര മത്സ്യമേഖലാ നയപരിഷ്കരണം

9(*9) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. സി.മോയിൻ കുട്ടി:

ശ്രീ. കെ.എം.ഷാജി:

ശ്രീ. പി.ബി. അബ്ദുൾ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമുദ്രമത്സ്യ മേഖലാനയം പരിഷ്കരിക്കാൻ കേന്ദ്രം നടപടി സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നയപരിഷ്കരണംമൂലം നിലവിലെ സ്ഥിതിവിശേഷത്തിൽ എന്തൊക്കെ വ്യതിയാനങ്ങൾ വരുത്തുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മത്സ്യമേഖലയുടെ താല്പര്യങ്ങൾക്ക് ഹാനികരമാവാത്ത വിധം പരിഷ്കരണ സാഹചര്യങ്ങൾ അനുകൂലമാക്കിയെടുക്കാൻ ഏതൊക്കെ നീക്കങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിലെ കമ്മിറ്റിയിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി പ്രതിനിധികളെയോ സ്റ്റേക്ക്ഹോൾഡേഴ്സിനെയോ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെയോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇവരെക്കൂടി ദേശീയ സമുദ്ര മത്സ്യമേഖലാ നയത്തിന്റെ കരട് റിപ്പോർട്ട് രൂപീകരിക്കുന്നതിനുള്ള വിദഗ്ധ സമിതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

നികുതി ചോർച്ച

10 (*10) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് നികുതിയിനത്തിൽ വലിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടാക്കുന്ന ഘടകങ്ങളും വീഴ്ചകളും എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;